A2/115/2025-CLAD

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - നവകേരള സദസ്സ് - അന്തരിച്ച നടൻ തിലകന്റെ സ്മരണാർത്ഥം നിർമിച്ചു വരുന്ന തിലകൻ സ്മാരക സാംസ്കാരിക നിലയം നിർമ്മാണത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.43/2026/CLAD തീയതി, തിരുവനന്തപുരം, 18-01-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം. 1/2025/PIE&MD തീയതി 30.05.2025.
2. ബഹു. പൂഞ്ഞാർ എം.എൽ.എ.-യുടെ 04.06.2025 തീയതിയിലെ MLA/PNJR/060/2025/TVM നമ്പർ കത്ത്.
3. സാംസ്കാരികവകുപ്പ് ഡയറക്ടറുടെ 01.09.2025 തീയതിയിലെ പി2-1150/2025/സാം.വ. നമ്പർ കത്ത്.
4. 05.11.2025 തീയതി നവകേരള സദസ്സിൽ ഉയർന്നുവന്ന പദ്ധതികളിൽ ഭരണാനുമതി നൽകുന്നതിനായി ചേർന്ന കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം നവകേരള സദസ്സ് പ്രഖ്യാപനങ്ങളിന്മേൽ മുൻഗണന നിശ്ചയിച്ച് നൽകിയതും സാംസ്കാരിക വകുപ്പ് മേൽനോട്ടം വഹിക്കേണ്ട പ്രവർത്തികളിൽ ക്രമ നമ്പർ 165 (പുതുക്കിയ ക്രമനമ്പർ 322) ആയി ഉൾപ്പെടുത്തിയിട്ടുമുള്ള കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിർമിച്ചു വരുന്ന തിലകൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ രണ്ടാം ഘട്ടത്തിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**2.** കോട്ടയം ജില്ലയിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ മുണ്ടക്കയം ബസ് സ്റ്റാന്റ് ഭാഗത്ത് നടന്നു വരുന്ന തിലകൻ സ്മാരക സാംസ്കാരിക സമുച്ചയ നിർമാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുള്ളതാണെന്നും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ബഹു. പൂഞ്ഞാർ എം.എൽ.എ. അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, സ്ഥലം സംബന്ധിച്ച മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ സമ്മതപത്രം എന്നിവ സാംസ്കാരിക വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിലകൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്ക് രണ്ട് കോടി രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ടെന്നും ടി പ്രവൃത്തികൾക്കായി ഭരണാനുമതി നൽകണമെന്നും സാംസ്കാരികവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**3.** നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളിൽ സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ടവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പരാമർശം (4)-ലെ

യോഗനടപടിക്കുറിപ്പ് പ്രകാരം തിലകൻ സ്മാരക സാംസ്കാരിക നിലയം നിർമ്മാണത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തിക്കായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മുണ്ടക്കയം ബസ്സ്റ്റാന്റിന് സമീപം അന്തരിച്ച നടൻ തിലകന്റെ സ്മരണാർത്ഥം നിർമിച്ചു വരുന്ന തിലകൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 4202-04-101-97-09 Thilakan Memorial Cultural Complex (PV) എന്ന ശീർഷകത്തിൽ ₹ 1,00,00,000/- (ഒരു കോടി രൂപ മാത്രം) യുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, (പൂഞ്ഞാർ), അംഗം, കേരള നിയമസഭ ( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
ധനകാര്യ വകുപ്പ് (3297400/EDN-D1/69/2025-FIN തീയതി 03.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 19-01-2026 11:03:27